പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3066 | 15.12.2015 -ൽ മറുപടിക്ക്

## ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് നടപടി

| ചോദ്യം<br>**ശ്രീ.എളമരം കരീം** | മറുപടി<br>**ശ്രീ. അനൂപ് ജേക്കബ്**<br>**(ഭക്ഷ്യവും പൊതു വിതരണവും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
|---|---|
| (എ) ഹോട്ടലുകളിൽ അമിത വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പ്രഖ്യാപിച്ചിരുന്നത്; ആയത് ഫലപ്രദമായി നടപ്പാക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെന്കിൽ കാരണം വിശദമാക്കുമോ; | (എ) ഹോട്ടലുകളിൽ അമിത വില ഈടാക്കുന്നത് തടയുന്നതിനായി ഭക്ഷണ സാധനങ്ങളുടെ വിലവിവരപ്പട്ടിക പ്രദർശിപ്പിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്. നിയമ ലംഘനം നടത്തുന്നവർക്കെതിരെ 1977 ലെ കേരളാ ഫുഡ് സ്റ്റഫ് (Display of Prices by Catering Establishment Order) പ്രകാരം നടപടി സ്വീകരിക്കുന്നു. ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില വർദ്ധനവ് നിയന്ത്രിക്കുന്നതിനായുള്ള ബിൽ പ്രസിദ്ധീകരണ സ്റ്റേജിലാണ്. |
| (ബി) മുൻ സർക്കാർ നടപ്പിലാക്കിയ മാവേലി ഹോട്ടൽ ശൃംഖല ഈ സർക്കാർ അധികാരമേറ്റ ശേഷം അടച്ചുപൂട്ടാൻ ഇടയായ സാഹചര്യം എന്തെന്ന് വിശദമാക്കുമോ; | (ബി) 24.06.2011 വരെ മാവേലി ഹോട്ടലുകൾ പ്രവർത്തിക്കുന്നതിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ സപ്ലൈകോയിൽ നിന്നും നല്കിയിരുന്നു. ഫണ്ടിന്റെ അപര്യാപ്തത മൂലം മാവേലി ഹോട്ടലുകളുടെ പ്രവർത്തനത്തിനാവശ്യമായ ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്യാൻ സപ്ലൈകോയ്ക്ക് സാധിച്ചിട്ടില്ല എന്നതാണ് കാരണം. |
| (സി) മിതമായ നിരക്കിൽ ഭക്ഷണ പദാർത്ഥങ്ങൾ വിതരണം ചെയ്യുന്നതിന് തൃപ്തി ന്യായവില ഹോട്ടലുകൾ തുടങ്ങുമെന്ന ബജറ്റ് പ്രഖ്യാപനം നടപ്പാക്കാനായിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഇതുവരെ എന്ത് തുക ചെലവഴിച്ചുവെന്ന് വിശദമാക്കുമോ;<br>(ഡി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എത്ര ന്യായവില ഹോട്ടലുകൾ തുടങ്ങുകയുണ്ടായി എന്നറിയിക്കാമോ? | (സി) & (ഡി) സംസ്ഥാനത്ത് താലൂക്ക് അടിസ്ഥാനത്തിൽ തൃപ്തി ഹോട്ടലുകൾ ആരംഭിക്കണമെന്ന് ബഡ്ജറ്റ് പ്രഖ്യാപനം ഉണ്ടായതിന്റെ അടിസ്ഥാനത്തിൽ കുടുംബശ്രീ പ്രോജക്ട് ഉണ്ടാക്കുകയും യൂണിറ്റുകളെ ഹോട്ടലുകൾ ആരംഭിക്കുവാൻ സജ്ജരാക്കുകയുമുണ്ടായി. എന്നാൽ ഇതിനായി താലൂക്കുകളിൽ സ്ഥലം കണ്ടെത്താൻ കഴിയാത്തതുമൂലം തൃപ്തി ഹോട്ടലുകൾ ആരംഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ